11. ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി

12. യുവതികൾക്ക് ഓട്ടോറിക്ഷ

13. ലാപ്ടോപ്പ് വിതരണം

14. സ്വയംതൊഴിൽ

15. ഗോത്രസാരഥി

16. മിശ്ര വിവാഹം

17. കോർപ്പസ് ഫണ്ട്

18. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

19. എ.ടി.എസ്.പി. വിഹിതം ഉപയോഗിച്ചുള്ള പദ്ധതികൾ

20. വീട് പുനരുദ്ധാരണം

21. ജനനി ജന്മരക്ഷ.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) അനുബന്ധത്തിൽ പരാമർശിക്കും പ്രകാരമുള്ള പദ്ധതികൾ തുടർപദ്ധതികളായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കുന്നതാണ്.

പട്ടികവർഗ്ഗ വിഭാഗത്തിലെ രോഗികൾക്കുള്ള ചികിത്സാ ധനസഹായം

260 (3418) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കായി അനുവദിക്കേണ്ട തുക കുടിശ്ശികയായിരിക്കുന്നതുമൂലം ഇവർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതിരപ്പിള്ളി പഞ്ചായത്തിലെ അരയ്ക്കാപ്പ് എസ്.റ്റി. കോളനിയിലെ രാമകൃഷ്ണന്റെ ഹൃദ്രോഗ സംബന്ധമായ ചികിത്സയ്ക്കായി കോട്ടയം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ച് ബൈപാസ് സർജറിക്കുള്ള നിർദ്ദേശം ലഭിച്ചുവെങ്കിലും വകുപ്പിൽ നിന്നും പ്രസ്തുത ആശുപത്രിയിലേയ്ക്ക് തുക അനുവദിക്കുവാൻ കുടിശ്ശികയുള്ളതുകൊണ്ട് തൽക്കാലം ചികിത്സ നിഷേധിച്ച സാഹചര്യത്തിൽ രാമകൃഷ്ണന്റെ ചികിത്സയ്ക്കായി അടിയന്തരമായി ധനസഹായം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രീ. ബി. രാമകൃഷ്ണൻ, S/o. രാഘവൻ, അരയ്ക്കാപ്പ് ടൈപ്പൽ കോളനി, അതിരപ്പിള്ളി, തൃശ്ശൂർ എന്നയാൾ 26-5-2015-ൽ കോട്ടയം മെഡിക്കൽ കോളേജിൽ കാർഡിയോളജി വിഭാഗത്തിൽ ചികിത്സയ്ക്കായി പ്രവേശിക്കപ്പെടുകയും 28-5-2015-ൽ ഡിസ്ചാർജ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കാർഡിയോളജി ഡോക്ടറുടെ നിർദ്ദേശപ്രകാരം 20-6-2015-ൽ ആൻജിയോഗ്രാം ചെയ്യുകയും ബൈപ്പാസ് സർജറി ചെയ്യുന്നതിലേക്ക് തൊറാസിക് സർജറി വിഭാഗത്തിൽ റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തു. ടിയാന് കോട്ടയം മെഡിക്കൽ കോളേജിൽ 10,142 രൂപ ചികിത്സയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ലാബ് ടെസ്റ്റ്, മെഡിസിൻ, ആംബുലൻസ് എന്നീ ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക നൽകിയിട്ടുള്ളത്. കൂടാതെ ടിയാന് പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) അടിയന്തര ചികിത്സാ ധനസഹായമായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

പട്ടികവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ നൽകുന്ന പദ്ധതി

261 (3419) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ പട്ടികവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകളുടെ ശാക്തീകരണം എത്രത്തോളം വേഗപ്രദമാക്കാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ യുവതികൾക്ക് സ്വയം തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സൗജന്യമായി ഓട്ടോറിക്ഷകൾ നൽകുന്ന ഒരു പദ്ധതി 2012 വർഷം നടപ്പാക്കിയിരുന്നു. 14 ജില്ലകളിൽ നിന്നുള്ള 500 പേരെയാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത്

LIBRARY ARCHIVES Kerala Legislative Assembly